# തെരുവുനായ നിയന്ത്രണം സംബന്ധിച്ച് 26/10/2016-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്രമങ്ങൾ

യോഗം 10.30 ന് ആരംഭിച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി. നളിനി നെറ്റോ, സ്റ്റേറ്റ് പോലീസ് ചീഫ് ശ്രീ. ലോക് നാഥ് ബഹ്റ, ഡി.ജി.പി. ശ്രീമതി. ശ്രീലേഖ, മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി ശ്രീ. അനിൽ സേവ്യർ, നിയമവകുപ്പ് സെക്രട്ടറി ശ്രീ. ബി.ജി. ഹരീന്ദ്രനാഥ്, പഞ്ചായത്ത് ഡയറക്ടർ ശ്രീ. രതീശൻ, നഗരകാര്യ ഡയറക്ടർ ഡോ.കെ വാസുകി, തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. വി.കെ. ബേബി, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എൻ.എൻ. ശശി, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. ആർ. രമേശ് എന്നിവർ പങ്കെടുത്തു.

തെരുവ് നായ നിയന്ത്രണവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതിയിൽ നിലനില്ക്കുന്ന കേസുകളുടെ വെളിച്ചത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കർമ്മപദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു.

- തെരുവ് നായ്ക്കളെ കൊന്നതായി വിവരം ലഭിച്ചാൽ കുറ്റവാളികൾക്കെതിരെ നിയമപരമായ എല്ലാ നടപടികളും പോലീസ് സ്വീകരിക്കേണ്ടതാണ്. (ആഭ്യന്തരവകുപ്പ്)

- ABC പ്രോഗ്രാം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ശാസ്ത്രീയമായും കർശനമായും നടപ്പിലാക്കി പുരോഗതി എല്ലാ തിങ്കളാഴ്ചയും സർക്കാരിൽ ലഭ്യമാക്കേണ്ടതും LSGD website ൽ upload ചെയ്യേണ്ടതുമാണ്.

(പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ - തദ്ദേശ സ്വയംഭരണ വകുപ്പ്)

- മേൽപ്രവർത്തനങ്ങൾക്കായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കേണ്ടതും അവയുടെ പുരോഗതി തദ്ദേശ സ്ഥാപനങ്ങളുടെ കൗൺസിൽ വിലയിരുത്തേണ്ടതും പദ്ധതി വിജയിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്. (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്)

...........2

- വെറ്റിനറി ഡോക്ടർമാർ ആഴ്ചയിൽ ഒരു ദിവസം പൂർണ്ണമായി ABC പദ്ധതി നടത്തിപ്പിനായി മാറ്റിവയ്ക്കണം. മതിയായ വെറ്റിനറി ഡോക്ടർമാരെ ലഭ്യമാകാതെ വന്നാൽ റിട്ടയർ ചെയ്ത വെറ്റിനറി ഡോക്ടർമാർ/Graduate/Post Graduate Veterinary വിദ്യാർത്ഥികൾ, എന്നിവരിൽ നിന്ന് ആവശ്യമായ നിയമനം നടത്തേണ്ടതാണ്. ഇവരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന കാര്യവും പരിഗണിക്കേണ്ടതാണ്. ഇതിലേയ്ക്കായി ലഭ്യമായ ഡോക്ടർമാരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്, കോൺടാക്ട് അഡ്രസ്, ഫോൺ നമ്പർ എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കി നഗരകാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർക്ക് ലഭ്യമാക്കേണ്ടതാണ്.

  (മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ)

- തെരുവ് നായ്ക്കളെ കൊല്ലുന്നതും ക്രൂരമായി പീഡിപ്പിക്കുന്നതുമായ വാർത്തകളും ദൃശ്യങ്ങളും പ്രദർശിപ്പിക്കുന്നത് ഒഴിവാക്കണമെന്ന് പത്ര/ദൃശ്യ/ശ്രവ്യ മാദ്ധ്യമങ്ങളോട് അഭ്യർത്ഥിക്കാവുന്നതാണ്. (ഐ & പി.ആർ.ഡി)

- സംസ്ഥാനത്ത് 2000 പേരെയെങ്കിലും ഉൾപ്പെടുത്തിക്കൊണ്ടുള്ള ലിസ്റ്റ് തയ്യാറാക്കി അവർക്ക് പട്ടി പിടുത്തത്തിനായുള്ള പരിശീലനം നൽകി വിവിധ പഞ്ചായത്തുകളിൽ സജ്ജമാക്കാൻ കുടുംബശ്രീ മിഷൻ നടപടി സ്വീകരിക്കണം. പ്രസ്തുത ലിസ്റ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയും അത് ബന്ധപ്പെട്ട website ൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ആയതിനുള്ള ചെലവുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

  (കുടുംബശ്രീ മിഷൻ)

- പൊതുജനങ്ങളെ ബോധവൽക്കരിക്കുവാൻ പ്രത്യേകപരിപാടി സംഘടിപ്പിക്കേണ്ടതാണ്.

  (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ, ഐ & പി.ആർ.ഡി)

- ജനമൈത്രി പോലീസിന്റേയും സന്നദ്ധ സംഘടനകളുടേയും സഹായത്തോടെ പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുക. (ആഭ്യന്തര വകുപ്പ്)

- പരാതി അറിയിക്കുവാൻ ആഭ്യന്തരവകുപ്പ് ഒരു ടോൾ ഫ്രീ നമ്പർ സജ്ജമാക്കേണ്ടതാണ്. (ആഭ്യന്തര വകുപ്പ്)

- ABC പദ്ധതി ഒരു മിഷൻ മോഡൽ നടപടിയാക്കേണ്ടതും നഗരകാര്യ ഡയറക്ടർ നേതൃത്വം നൽകേണ്ടതുമാണ്. (നഗരകാര്യ ഡയറക്ടർ )

- ABC പദ്ധതിയിൽ സ്വീകരിക്കുന്ന നടപടികളും അവയുടെ പുരോഗതിയും രണ്ടാഴ്ചയിലൊരിക്കൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി അവലോകനം ചെയ്യേണ്ടതാണ്. (തദ്ദേശ സ്വയംഭരണ വകുപ്പ്)

- മാംസ/മാംസേതര ജൈവമാലിന്യങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ വേണ്ട കർശന നടപടി സ്വീകരിക്കേണ്ടതും ഇത്തരം മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്ക്/ഹോട്ടൽ തുടങ്ങിയ സ്ഥാപന ഉടമകൾക്ക് എതിരെ ശിക്ഷാ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ)

- പട്ടികടിയേൽക്കുന്നവർക്ക് മതിയായ ചികിത്സ/മരുന്നുകൾ എന്നിവ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കുക (ആരോഗ്യവകുപ്പ് ഡയറക്ടർ/ ആരോഗ്യവകുപ്പ് )

- ABC പദ്ധതി സംബന്ധിച്ച നിയമങ്ങൾ കർശനമാക്കി സമഗ്രമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്. (തദ്ദേശ സ്വയംഭരണ വകുപ്പ്)

യോഗം 11.30 ന് സമാപിച്ചു.